"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ് - പെരുമല ഡമ്പിംഗ് ഡിപ്പോയിൽ 28/01/2020,25/02/2020 തീയതികളിലെ ഇ-ലേലം- ഉൽപ്പന്നങ്ങൾ ഉചിതമായ പിഴ ഈടാക്കി വിട്ടു നൽകാൻ അനുമതി നല്കുന്നു- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (ബി) വകുപ്പ്

സ.ഉ.(സാധാ) നം.422/2022/F&WLD തീയതി,തിരുവനന്തപുരം, 30-09-2022

---

പരാമർശം:-

1. എൻ.ഡി. പ്രേംനാഥ് മുതൽ പേരുടെ 26/03/2022 ലെ നിവേദനം
2. സ. ഉ. (സാധാ) നം. 440/2021 /വനം തീയ്യതി 31/12/2021.
3. പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്(ഫോറസ്റ്റ് മാനേജ്മെന്റ്) ന്റെ 21/05/2022,26/07/2022 എന്നീ തീയതികളിലെ പ്രൊ(4) 153781/2020 നമ്പർ കത്തുകൾ
4. ശ്രീ. എൻ.ഡി. പ്രേംനാഥ് മുതൽ പേർ ഫയൽ ചെയ്ത WP(C) No.3960/2022 കേസിന്മേലുള്ള ബഹു ഹൈക്കോടതിയുടെ 25/03/2022 ലെ ഉത്തരവ്.
5. ശ്രീ റ്റി. പി. കുഞ്ഞാലൻകുട്ടി ഫയൽ ചെയ്ത WP(C) No.11346/2022 കേസിന്മേലുള്ള ബഹു ഹൈക്കോടതിയുടെ 31/03/2022 ലെ ഉത്തരവ്.
6. IA No.1/2022 in WP(C) No.3960/2022 (T) കേസിന്മേലുള്ള ബഹു ഹൈക്കോടതിയുടെ 24/05/2022 ലെ ഉത്തരവ്
7. IA No.1/2022 in WP(C) No.11346/2022 (P) കേസിന്മേലുള്ള ബഹു ഹൈക്കോടതിയുടെ 24/06/2022 ലെ ഉത്തരവ്

<u>ഉത്തരവ്</u>

കോന്നി വനം ഡിവിഷനിലെ കോന്നി റെയ്ഞ്ചിലെ കുമരംപേരൂർ ഫോറസ്റ്റ് സ്റ്റേഷൻ അതിർത്തിയിൽ പെരുമല ഡമ്പിംഗ് സെറ്റിൽ 29/01/2020,25/02/2020 തീയതികളിൽ നടന്ന ലേലത്തിൽ പങ്കെടുത്ത് വിളിച്ചെടുത്ത ഉല്പന്നങ്ങൾ തൊഴിൽത്തർക്കം മൂലം യഥാ സമയം നീക്കം ചെയ്യാൻ സാധിച്ചിട്ടില്ലാത്തതിനാൽ തറവാടക, പലിശ, പിഴപ്പലിശ എന്നിവ ഒഴിവാക്കി നൽകുന്നതിനും ലേലം കൊണ്ട ഉല്പന്നങ്ങളുടെ പുനർലേലം തടയുന്നതിനുമായി ശ്രീ .എൻ .ഡി .

പ്രേം നാഥ് ,ശ്രീ .അബ്ദുൾ സമദ് , ശ്രീ .അക്ബർ റഫീക്കലി , ശ്രീ .ബിനു തോമസ് ശ്രീ ടി പി കുഞ്ഞാലൻ കുട്ടി,ശ്രീ ഷമീർ, ശ്രീ പി സി മുഹമ്മദ് എന്നിവർ ബഹു . ഹൈക്കോടതിയിൽ WP(C)16521 ഫയൽ ചെയ്തു. WP(C)16521 ന്റെ 26/10/2021ലെ ബഹു . ഹൈക്കോടതി വിധി പാലിച്ച് പരാതിക്കാരെ നേരിൽ കേൾക്കുകയും പരാമർശം ( 2 ) പ്രകാരം അപേക്ഷകരുടെ ആവശ്യം പരിഗണനാർഹമല്ലായെന്ന് സർക്കാർ ഉത്തരവായി. ഇതിനെത്തുടർന്ന് ശ്രീ .എൻ .ഡി. പ്രേം നാഥ് ,ശ്രീ .അബ്ദുൾ സമദ്, ശ്രീ. അക്ബർ റഫീക്കലി, ശ്രീ. ബിനു തോമസ് എന്നിവർ ഇതേ ആവശ്യമുന്നയിച്ച് മറ്റൊരു WP(C) 3960/2022 ഹൈക്കോടതിയിൽ ഫയൽ ചെയ്തു. ഈ കേസിൽ 25/03/2022 ൽ ഉത്തരവിൽ അപേക്ഷകരുടെ ആവശ്യത്തിന്മേൽ ചില നിബന്ധനകളോടെ ഉണ്ടായ അനുഭാവ പൂർണ്ണമായ ഉത്തരവും ലേലം കൊണ്ട മരങ്ങൾ നശിക്കുന്നതും സാമ്പത്തിക മാനസിക ആഘാതം പരിഗണിച്ചും സ്ഥിരം ലേലക്കാരായ തങ്ങളെ 25/03/2022 ൽ ബഹു ഹൈക്കോടതി ഉത്തരവിൽ നിശ്ചയിച്ചിട്ടുള്ള സമയത്തിനുള്ളിൽ മരങ്ങൾ കയറ്റിക്കൊണ്ടുപോകുന്നതിന് അനുവദിക്കണമെന്ന് പരാമർശത്തിലെ നിവേദന പ്രകാരം ശ്രീ. പ്രേംനാഥ് മുതൽപ്പേർ സർക്കാരിൽ അപേക്ഷ സമർപ്പിച്ചു. സമാന ആവശ്യം ഉന്നയിച്ച്, ശ്രീ റ്റി പി കുഞ്ഞാലൻകുട്ടി ഫയൽ ചെയ്ത WP(C) 11346/2022 കേസിൽ 31.03.2022 ൽ ഉണ്ടായ വിധിയും പരാതിക്കാരന് അനുകൂലമായിരുന്നു. കോടതി ദയാപരമായ നിലപാട് എടുത്തിട്ടുള്ള സാഹചര്യത്തിലും അനുവദനീയമായ കാലാവധിയ്ക്കുശേഷം പിഴ ഈടാക്കി ഉൽപന്നങ്ങൾ നൽകാൻ വ്യവസ്ഥയില്ലാത്തിനാലും ഉൽപന്നങ്ങളുടെ നിലവിലെ അവസ്ഥ കൂടി കണക്കിലെടുത്ത് ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് ഉചിതമായ പിഴ ഈടാക്കി ഉൽപന്നങ്ങൾ വിട്ടു നൽകുന്നതിന് അടിയന്തരമായി സർക്കാർ ഉത്തരവ് ഉണ്ടാകണമെന്നും പ്രിൻസിപ്പൽ ചീഫ് കൺവസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്) സൂചന കത്ത് പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അനുവദനീയമായ കാലാവധിയ്ക്കു ശേഷം പിഴ ഈടാക്കി ഉൽപ്പന്നങ്ങൾ നൽകാൻ നിലവിൽ വ്യവസ്ഥയില്ലാത്തതിനാൽ ബഹു ഹൈക്കോടതിയുടെ WP(C) 3960/2022, WP(C) 11346/2022 എന്നിവയിലെ ഉത്തരവുകൾ, ഉൽപ്പന്നങ്ങളുടെ നിലവിലെ അവസ്ഥ എന്നിവ കണക്കിലെടുത്ത് ഒരു പ്രത്യേക കേസായി പരിഗണിച്ച് കോന്നി റെയ്ഞ്ചിലെ കുമരംപേരൂർ ഫോറസ്റ്റ് സ്റ്റേഷൻ അതിർത്തിയിൽ പെരുമല ഡമ്പിംഗ് സൈറ്റിൽ 29/01/2020,25/02/2020 തീയതികളിൽ നടന്ന ലേലത്തിൽ വിളിച്ചെടുത്ത ഉല്പന്നങ്ങൾ യഥാസമയം നീക്കം ചെയ്യാത്തവർക്ക് ബഹു ഹൈക്കോടതിയുടെ ഉത്തരവിൽ

നിർദ്ദേശിച്ചിട്ടുള്ള പ്രകാരം ബോണ്ട് എക്സിക്യൂട്ട് ചെയ്തു കൊണ്ടും ഉചിതമായ നടപടിക്രമങ്ങൾ പാലിച്ചും ഉൽപ്പന്നങ്ങൾ വിട്ടു നൽകുന്നതിന് പ്രിൻസിപ്പൽ ചീഫ് കൺവസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്)-ന് അനുമതി നല്കിയും പരാമർശത്തിലെ ബഹു ഹൈക്കോടതി ഉത്തരവുകൾ പാലിച്ചും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
UDAYAKUMAR A R
ഡെപ്യൂട്ടിസെക്രട്ടറി

അപേക്ഷകർക്ക് (ശ്രീ. പ്രേംനാഥ് മുതൽപ്പേർ)
അഡ്വക്കേറ്റ് ജനറൽ,കേരളം,എറണാകുളം
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്(ഫോറസ്റ്റ് മാനേജ്മെന്റ്), തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ( വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Ravindran C
Date: 30-09-2022 14:13:22
സെക്ഷൻ ഓഫീസർ

പകർപ്പ്-ബഹു മുഖ്യമന്ത്രിയുടെ ഓഫീസിന് /ബഹു വനം വന്യജീവി വകുപ്പ് മന്ത്രിയുടെ ഓഫീസിന്/വനം വന്യജീവി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎയ്ക്ക്